കൊടും പട്ടിണിയിലാണ്. കാലാകാലങ്ങളിൽ ഗവൺമെന്റ് ഈ സ്ഥാപനത്തെ നിലനിർത്താൻ നടപടിയൊക്കെ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അതൊന്നുംതന്നെ ഫലപ്രദമായില്ല എന്നുള്ളതാണ് ഒരു വസ്തുത. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആറ് ഏക്കർ സ്ഥലം വിറ്റ് ഇത് പുനരുദ്ധരിപ്പിക്കുന്നതിന് ചില നടപടികൾ സ്വീകരിച്ചു. ഈ ഗവൺമെന്റുതന്നെ രണ്ട് പ്രാവശ്യം കുറെയേറെ തുകകൾ അനുവദിക്കുകയും ചില നടപടികളൊക്കെ സ്വീകരിക്കുകയും ചെയ്തു: എന്നാൽ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം വേണ്ടത്ര പുരോഗതി നേടാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞില്ല. 1957-ൽ ആരംഭിച്ച ഒരു സ്ഥാപനമാണിത്. ആ പ്രദേശത്തെ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് അന്ന് ഈ സ്ഥാപനം ആരംഭിച്ചത്. അന്ന് ആരംഭിക്കുമ്പോൾ 60-ഉം 80-ഉം കൗണ്ടുള്ള നൂലുകൾ ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്നു. ഇപ്പോൾ അത് അടച്ചുപൂട്ടുമ്പോൾ 40 കൗണ്ടായി മാറി. കാലാനുസൃതമായ യാതൊരു പുരോഗതിയും ഈ സ്ഥാപനത്തിനുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന് ഇവിടെ പഴകി ദ്രവിച്ച യന്ത്രസാമഗ്രികളും മെഷീനുമാണുള്ളത്. ഇത് മുഴുവൻ മാറ്റി പുതിയ യന്ത്രവും അതുപോലെ മെഷീനും സ്ഥാപിച്ചില്ലെങ്കിൽ ഇത് നില നിർത്തിക്കൊണ്ട് പോകാൻ കഴിയുകയില്ല. ഈ സ്ഥാപനം ഇൻഡിവിഡുവൽ മാനേജ്മെന്റായിരുന്നപ്പോൾ ഭംഗിയായി പ്രവർത്തിച്ചിരുന്നതാണ്. ഇന്ന് ഇത് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലാണ്. ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ കൊടുത്തപ്പോഴാണ് ഇതിന്റെ ദുഃസ്ഥിതി ആരംഭിച്ചത്. എത്രയും വേഗം ഗവൺമെന്റ് ഇതിനെ പുതിയ പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി അടിയന്തിരമായി ഇത് തുറക്കണമെന്നും ആ തൊഴിലാളികളെ സംരക്ഷിക്കണമെന്നും ബഹുമാനപ്പെട്ട ഗവൺമെന്റിനോടും വകുപ്പുമന്ത്രിയോടും വിനീതമായി അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ട്രാവൻകൂർ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം തുടർച്ചയായിട്ട് നഷ്ടത്തിലാണ്. പ്രവർത്തനമൂലധനം പൂർണ്ണമായും ഇല്ലാതാകുകയും അസംസ്കൃതവസ്തുവായ പഞ്ഞിയും ഉൽപ്പാദനത്തിനാവശ്യമായ വൈദ്യുതിയും ലഭ്യമാകാതെ വരുകയും ചെയ്തതിനാലാണ് 1998 സെപ്റ്റംബർ മാസം മുതൽ മില്ലിന്റെ പ്രവർത്തനം പൂർണ്ണമായും നിർത്തി വയ്ക്കേണ്ടി വന്നത്. 22-9-1998 മുതൽ ഈ സ്ഥാപനം ഓഫ് ചെയ്തിരിക്കുകയാണ്. മിൽ തുറന്ന് ലാഭകരമായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് 13.27 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പുനരുജ്ജീവന പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഈ പദ്ധതി നടത്തിപ്പിനാവശ്യമായ പണം Kerala Industrial Revitalisation Fund Board -ൽ നിന്നും സ്വരൂപിക്കാൻ ഉദ്ദേശിക്കുകയാണ്. ഈ പണം കിട്ടിക്കഴിഞ്ഞാൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്.

(7) കർഷകത്തൊഴിലാളികളുടെ കളക്ടറേറ്റ്/സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എ. കണാരൻ : സർ, കേരളത്തിലെ ഇരുപത്തിരണ്ട് ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുടെ സ്ഥിതി പരമ ദയനീയമാണ്, പരിതാപകരമാണ്. അവർക്ക് ഒരു കൊല്ലമായി പെൻഷൻ കിട്ടുന്നില്ല. അവർക്ക് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ കേവലം 100 രൂപയാണ്. അത് 12 മാസമായി ഈ തൊഴിലാളികൾക്ക് കിട്ടാത്ത അവസ്ഥയാണ്. കഴിഞ്ഞ ഓണത്തിന് ഗവൺമെന്റ് മൂന്നുമാസത്തെ പെൻഷൻ കൊടുത്തു. മറ്റെല്ലാ ക്ഷേമനിധിയിലും 150,200,250 രൂപവീതം പെൻഷൻ കൊടുക്കുമ്പോൾ കർഷകത്തൊഴിലാളികൾക്ക് കൊടുക്കുന്നത് കേവലം 100 രൂപ മാത്രമാണ്. ആ പെൻഷൻ പോലും കൊടുക്കാൻ സാധിക്കുന്നില്ല. ആ പെൻഷൻ കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കണം. അതുപോലെതന്നെ കർഷകത്തൊഴിലാളി പെൻഷന്റെ അപേക്ഷ പരിഗണിക്കാൻ വേണ്ടി ഇത് ത്രിതല പഞ്ചായത്തുകൾക്ക് കൊടുത്തു-പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷന് കൊടുക്കുകയുണ്ടായി. അതിൽ പറയുന്നത് അപേക്ഷ കിട്ടിക്കഴിഞ്ഞാൽ 15 ദിവസം കൊണ്ട് തീർപ്പ് കൽപ്പിക്കണമെന്നാണ്. ഒരു മാസമായിട്ട് അപേക്ഷ നൽകിയ കടലാസിന്റെ കെട്ടു പോലും അഴിച്ചുനോക്കാത്ത ഏറ്റവും കുറ്റകരമായ അവസ്ഥയാണുള്ളത്. വളരെ വളരെ മോശമായ അവസ്ഥയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ പെൻഷൻ അപേക്ഷ ഓരോന്നോരോന്നായി പരിശോധിച്ച് തീർപ്പ് കൽപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. അന്ന് ലേബർ ഡിപ്പാർട്ടുമെന്റിലെ ഓഫീസർമാർക്ക് വേഗം വേഗം തീർപ്പ് കൽപ്പിക്കാൻ കഴിയാതെ വരുന്നുവെന്ന ആക്ഷേപത്തിന് മാറ്റം വരുത്താൻവേണ്ടിയാണ് ജനപ്രതിനിധിയടക്കമുള്ള പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷന് കൊടുത്തത്. എന്നിട്ടും നടപടി സ്വീകരിക്കുന്നില്ല. ക്ഷേമനിധിയുടെ കാര്യം അതിനേക്കാൾ മോശമാണ്. പത്ത് കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ക്ഷേമനിധിക്കുവേണ്ടി അനുവദിച്ചു, ഒരു ചില്ലിക്കാശുപോലും അവർക്ക് നൽകിയിട്ടില്ല. അതിൽ ഗുരുതരമായ വീഴ്ചയാണ് കാണിച്ചിട്ടുള്ളത്. അതുപോലെതന്നെ ക്ഷേമനിധി നിയമം ഇവിടെ നിലവിൽ വന്നിട്ട് എട്ട് പത്ത് കൊല്ലമായിട്ടും റവന്യൂ വകുപ്പുമന്ത്രി ഉടമകളിൽ നിന്നുള്ള വിഹിതം പിരിക്കാമെന്ന് പലപ്പോഴും പ്രഖ്യാപിക്കുകയും കുറ്റം ചെയ്ത ഉദ്യോഗസ്ഥക്കെതിരെ നടപടിയെടുക്കാമെന്ന് പറയുകയുമല്ലാതെ ഒരു ഉദ്യോഗസ്ഥന്റെ പേരിലും ഒരു നടപടിയും എടുത്തിട്ടില്ല. ഒരു നയാപൈസപോലും ഉടമകളിൽ നിന്നും പിരിച്ചിട്ടില്ല. ഒരു കൊല്ലത്തിൽ കേവലം 15 രൂപയാണ് പിരിക്കേണ്ടത്. രണ്ടേകാൽ ഏക്കർ ഭൂമി കൈവശംവയ്ക്കുന്ന ഒരാള് ഒരു കൊല്ലത്തിൽ അവർക്ക് കീഴിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി കൊടുത്തുകൊണ്ടിരിക്കുന്നത് 15 രൂപയാണ്. ആ പൈസപോലും പിരിച്ചിട്ടില്ല. അതുപോലെതന്നെ അതിനേക്കാൾ പരിതാപകരമായ ഒരു കാര്യം പ്രസവാനുകൂല്യം, ചികിത്സ, മരണം, മരണാനന്തരചെലവ് ഇതിനുള്ള 40,000-ത്തോളം അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. അത് കൊടുക്കാൻ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഈ നിയമസഭയിൽ ഞാൻ പലപ്രാവശ്യം ഉന്നയിച്ചതാണ്. ഇപ്പോൾ ഇത് പറയുവാൻ എനിക്ക് നാണക്കേട് തോന്നുന്നു. ഉടമകളിൽ നിന്നുള്ള വിഹിതം എവിടെ കൊടുക്കണമെന്നുള്ളതിന് വ്യവസ്ഥയില്ല. നിയമത്തിൽ പറയുന്നത് സഹകരണ ബാങ്കിൽ അടയ്ക്കാനുള്ള വ്യവസ്ഥയുണ്ടെന്നാണ്. എവിടെ അടയ്ക്കണമെന്നുള്ള തറിയില്ല. അതുപോലെതന്നെ ക്ഷേമനിധി ബോർഡിന്റെ കാര്യം ഇതിനേക്കാൾ ആപത്താണ്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം ഉദ്യോഗസ്ഥൻമാരെ എവിടെ നിന്നെങ്കിലും കുറച്ചുനാളത്തേയ്ക്ക് എടുക്കും. അതുകഴിയുമ്പോൾ അവർ പോകും. ഇതിനെല്ലാം ഒരു മാറ്റമുണ്ടാക്കാൻ ശ്രമിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ ഈ നിയമസഭയിലെ ഏറ്റവും സീനിയറായിട്ടുള്ള മെമ്പറാണ്. ഞാൻ പറയുന്ന കാര്യങ്ങൾ അടിവരയിട്ട് അങ്ങ് മനസ്സിലാക്കുകയും അതിന് വേണ്ട സ്ഥലത്ത് വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണമെന്ന് ആമുഖമായി ഞാൻ പറയുകയാണ്. നടപ്പ് സാമ്പത്തിക വർഷം കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിനായി വക കൊള്ളിച്ചിരുന്നത് 37.2 കോടി രൂപയാണ്. ഇതിൽ 30-6-1999 വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. ഇപ്പോൾ രണ്ട് ഗഡു പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. ഇതിന് 24 കോടി രൂപ അധികമായി വേണ്ടി വരും. കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കുന്നത് തദ്ദേശ ഭരണസ്ഥാപനങ്ങളാണ്. ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക സർക്കാർ നിർദ്ദേശമനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വീതിച്ച് കൊടുക്കുന്ന ചുമതലയാണ് തൊഴിൽ വകുപ്പിനുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്ന കേരളകർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ വിഹിതമായ പത്ത് കോടി രൂപ മാർച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുകയാണ്. ഭൂവുടമാവിഹിതം പിരിക്കുന്നത് റവന്യൂ വകുപ്പ് മുഖേനയാണ്. 1999 ഒക്റ്റോബർ മാസംവരെ തൊണ്ണൂറ്റിയാറ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ ഭൂവുടമാവിഹിതമായി പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. കർഷക തൊഴിലാളി ക്ഷേമ നിധി പദ്ധതി പ്രകാരം തൊഴിലാളി വിഹിതം അടയ്ക്കേണ്ടത് ജില്ലാ സഹകരണ ബാങ്കുകളിലെ ബന്ധപ്പെട്ട ക്ഷേമനിധി ഓഫീസുകളിലാണ്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ തൊഴിലാളി വിഹിതം സ്വീകരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ വെൽഫയർ ഫണ്ട് ഓഫീസർമാർ വില്ലേജുതലസിറ്റിംഗുകൾ നടത്തി ജില്ലാ ഓഫീസുകളിൽ വച്ചും നേരിട്ടും തൊഴിലാളി വിഹിതം ശേഖരിച്ചു വരുന്നു. വേണ്ടത്ര സ്ഥിരജീവനക്കാരില്ലാത്തതിനാൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും കെട്ടിക്കിടക്കുന്ന ആനുകൂല്യത്തിനുള്ള അപേക്ഷകളിൻമേൽ തീർപ്പുകല്പിക്കുന്നതിനുമായി 14 ഡിവിഷൻ ഓഫീസുകളിൽ 38 എൽ.ഡി. ക്ലാർക്കുമാരെ ദിവസകൂലി അടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.അതൊക്കെ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുകയാണ്.

(8) മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കടൽഭിത്തി നിർമ്മിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, മാരാരിക്കുളം നിയോജകമണ്ഡലത്തിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ 8,9,10 വാർഡുകളിൽ നിരന്തരമായി കടലാക്രമണം നടക്കുന്ന സ്ഥലത്ത് കടൽഭിത്തി കെട്ടണമെന്ന ആവശ്യമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കേന്ദ്രത്തിന്റെ സഹായം 1992 മുതൽ ഇല്ലാതായിരിക്കുകയാണ്. കേന്ദ്രത്തിന്റെ ധനസഹായമില്ലെന്നുപറഞ്ഞ് കടലാക്രമണം നടക്കാതിരിക്കുകയില്ല. ബഡ്ജറ്റിലുള്ള പണം പോലും കടൽഭിത്തി നിർമ്മാണത്തിന് റിലീസ്

LIBRARY ARCHIVES Kerala Legislative Assembly